**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**18.06.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 11 മണിക്ക് ബഹു.പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേംമ്പറിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.06.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** പദ്ധതി രൂപീകരണ നടപടികൾ തുടരുന്നതായും 978 ഗ്രാമപഞ്ചായത്തുകളിൽ 114221 പദ്ധതികൾ 59069.94 ലക്ഷം രൂപ ഉത്പാദന മേഖലയിലും 219900.24 ലക്ഷം രൂപ സേവന മേഖലയിലും 152261.01 ലക്ഷം രൂപ അടിസ്ഥാന മേഖലയിലും ആകെ 430631.20 ലക്ഷം രൂപയുടെ പദ്ധതികളിൽ 122 പഞ്ചായത്തുകളിലായി 61847.29 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചതായും റിപ്പോർട്ട് ചെയ്തു.

**2.2** തദ്ദേശഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗവും മിനിസിറ്റീരിയൽ വിഭാഗവും തമ്മിൽ ശരിയായ ഏകോപനം ഇല്ലാത്തതിനാൽ പദ്ധതി രൂപീകരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടു. അത്തരം ഏകോപനം സാദ്ധ്യമാക്കുന്ന തിനായി ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) എന്നിവർ ഉൾപ്പെടുന്ന സമിതി രൂപീകരിക്കു ന്നതിന് തീരുമാനിച്ചു. എല്ലാ തിങ്കളാഴ്ചകളിലും സമിതി കൂടി പദ്ധതി രൂപീകരണ പുരോഗതി വിലയിരുത്തിയ റിപ്പോർട്ട് അന്നുതന്നെ പഞ്ചായത്ത് ഡയറക്ടർക്കും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർക്കും ഇ-മെയിലായി നൽകുന്നതിനും നിർദ്ദേശിച്ചു. ഉന്നത സമിതിയുടെ കൺവീനറായി ഡി.ഡി.പി.യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2.3** പഞ്ചായത്തുകളിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം ടെക്നിക്കൽ സാംങ്ഷന് കാലതാമസം ഉണ്ടാകുന്നതായി അംഗങ്ങൾ അറിയിച്ചു. ആയതിനാൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, ഐ.കെ.എം. ഡയറക്ടർ, ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ അണ്ടർ സെക്രട്ടറി ശ്രീ. പ്രദീപ് കുമാർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അൻവർ ഹുസ്സൈൻ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുന്നതിനും സാങ്കേതികാനുമതി നടപടിക്രമം ലഘൂകരിക്കുന്നതി നാവശ്യമായ നിർദ്ദേശങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പി ക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു.

**2.4** 2014-15പദ്ധതി രൂപീകരണത്തിന്റെ കാലാവധി ജൂൺ 30 വരെ ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു. നിശ്ചിത സമയപരിധിക്കകം പദ്ധതികൾ സമർപ്പിക്കാത്ത സ്ഥാപന ങ്ങളുടെ പ്ലാൻ ഫണ്ട് കുറവു ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

**2.5** അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ തസ്തികൾ ഉള്ള പഞ്ചായത്തുകളിൽ ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ നിലവിലുള്ള ഉത്തരവ് അനുസരിച്ച് താൽക്കാലികാ ടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ഓവർസീയർമാരെയും നിയമിക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

3 പ്രത്യേക വിഷയങ്ങൾ

**3.1 കോളയാട് ഗ്രാമപഞ്ചായത്ത്**

**(ബഹു.എം.എൽ.എ ശ്രീ.സണ്ണി ജോസഫ് മുഖാന്തിരം സമർപ്പിച്ചത്)**

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ചുമതല നൽകുന്നത് സംബന്ധിച്ചുള്ള കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2013–ലെ തീരുമാനം മാറ്റേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം.31199/ഡി.എ1/14/തസ്വഭവ)**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതു പ്രകാരം 15 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകാനുള്ള ആവശ്യം സംബന്ധിച്ച് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ധനകാര്യവകുപ്പ് കൂടുതൽ സമയം ആവശ്യപ്പെട്ടതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പള്ളിവാസൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം.32413/ഡി.എ2/14/തസ്വഭവ)**

പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ സിവിൽ സ്റ്റേഷൻ നിർമ്മാണം ടെണ്ടർ കൂടാതെ നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു. ടെണ്ടർ നടപടിക്രമമനുസരിച്ചുതന്നെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്**

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ എസ്.ടി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനം ആർക്കൊക്കെയാണ്, എത്ര തുകയാണ് ചെലവാക്കുന്നത്, ആരാണ് പരിശീലനം നടത്തുന്നത്, പരിശീലനം മുഖേനയുള്ള തൊഴിൽ ലഭ്യത തുടങ്ങിയ വിഷയങ്ങളിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ഡി.ഡി.പി. റിപ്പോർട്ട് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ബഹു.നാദാപുരം എം.എൽ.എ ശ്രീ. ഇ.കെ. വിജയന്റെ കത്ത്**

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി തുടങ്ങുന്ന കോളേജിന് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് കത്തിൽ പരാമർശിക്കുന്ന ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകാൻ യഥേഷ്ടാനുമതി നൽകുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 21341/ഡി.ഡി.2/14/തസ്വഭവ)**

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് 2013–14, 2014–15 വർഷങ്ങളിൽ ബഡ്ജറ്റ് അലോക്കേഷനിൽ റ്റി.എസ്.പി.യ്ക്ക് അനുവദിച്ച ഫണ്ട് കുറവാണെന്ന പരാതി പരിശോധിക്കുമ്പോൾ മറ്റ് പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇതേ പരാതിയുണ്ടെന്നും ഈ വിഷയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള അലോട്ട്മെന്റ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ സെല്ലിനോട് നിർദ്ദേശിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പിറവം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 32561/ഡി.ബി.3/14/തസ്വഭവ)**

പിറവം ഗ്രാമപഞ്ചായത്തിന് സംഭാവനയായി ലഭിച്ച മാരുതി ഒമ്നി ആംബുലൻസിന്റെ രജിസ്ട്രേഷനും, ഇൻഷ്വറൻസും പഞ്ചായത്തിന്റെ പേരിൽ ചെയ്യാനും വാഹനം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്ക് നൽകുന്നതിനും തുടർചെലവുകൾ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി നിർവഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്**

ഓച്ചിറ ബ്ലോക്ക്പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും സംയുക്തമായി റോഡ് പ്രവൃത്തികൾ ചെയ്യുന്ന കാര്യത്തിൽ പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസരിച്ച് നടപടി എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്**

നിലവിലുള്ള മാർഗനിർദ്ദേശം അനുസരിച്ച് സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുക പഞ്ചായത്തിന്റെ വരുമാനമായി കണക്കാക്കുകയാണ് ചെയ്യുന്നത്. അത്തരം പഞ്ചായത്തുകളുടെ ഷോർട്ട്ഫാൾ കണക്കാക്കുമ്പോൾ ഈ തുകയും കൂടി കണക്കിലെടുക്കുന്നുണ്ട്. ഐ.എ.വൈ വിഹിതമായി കിട്ടുന്ന തുക യഥാസമയം ചെലവഴിക്കാൻ കഴിയാതെ വരുന്ന പഞ്ചായത്തുകളെ ഇത് ദോഷകരമായി ബാധിക്കുന്നു. അതിനാൽ ഐ.എ.വൈ. വിഹിതം ഷോർട്ട്ഫാൾ കണക്കാക്കുന്നതിന് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ വെളിച്ചത്തിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഷോർട്ട്ഫാൾ വിഹിതം പുനഃസ്ഥാപിക്കാൻ കഴിയുമോ എന്ന് ധനകാര്യ വകുപ്പ് പരിശോധിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്**

ക്ഷീര വികസന പ്രോജക്ടായി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിച്ച പദ്ധതികൾ പ്രത്യേക കേസായി അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

തിരൂർ ബ്ലോക്ക് പഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 കുടിവെള്ള പ്രോജക്ടുകൾ സംയുക്ത പ്രോജക്ടായി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് 2014-15 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 9 പ്രോജക്ടുകളെ സംബന്ധിച്ച സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന്മേൽ ഈ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നവ അല്ലെന്ന് അറിയിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മലപ്പുറം നഗരസഭ**

മലപ്പുറം നഗരസഭയ്ക്ക് രണ്ട് പുതിയ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ആര്യങ്കോട് ഗ്രാമപഞ്ചായത്ത്**

പ്രീ-പ്രൈമറി കുട്ടികൾക്ക് പൂരക പോഷകാഹാര പദ്ധതിക്ക് പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള ഓഡിറ്റ് തടസ്സം വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്**

**(ബഹു. ജലവിഭവ വകുപ്പുമന്ത്രി മുഖേന സമർപ്പിച്ചത്)**

5 ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ അനുവദിക്കണമെന്ന തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്**

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലെയും പട്ടികജാതി കോളനികളിലെ മലിനജലം ഒഴുക്കി വിടുന്നതിന് സംവിധാനം ഒരുക്കുന്നതിനുള്ള പ്രോജക്ടുകൾ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 താനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 31124/ഡി.ഡി.2/14/തസ്വഭവ)**

താനൂർ ബ്ലോക്ക് പഞ്ചായത്തിലെ മിനി മാർക്കറ്റിംഗ് സെന്റർ കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ ഭേദഗതി അംഗീകരിക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ആലങ്ങാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 35095/ഡി.ഡി.2/14/തസ്വഭവ)**

ആലങ്ങാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കമ്പ്യൂട്ടർ പരിശീലന കേന്ദ്രം, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിക്ക് അംഗീകാരം ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 33500/ഡി.ഡി.2/14/തസ്വഭവ)**

പൊന്നാനി ബ്ലോക്ക് പഞ്ചായത്തിലെ പ്രീ-മെട്രിക ഹോസ്റ്റലിലെ ഫർണിച്ചർ മറ്റു സ്ഥാപനങ്ങൾക്ക് നൽകാനുള്ള അനുവാദം ആവശ്യപ്പെട്ടതിന്മേൽ ഹോസ്റ്റലിലേയ്ക്ക് പുതിയ അപേക്ഷ ക്ഷണിക്കാൻ നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ എസ്.സി. വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാക്കാനും, പട്ടികജാതി വിഭാഗത്തിലെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആവശ്യം ഉണ്ടാകുമോ എന്നും പരിശോധിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 22536/ഡി.ഡി.2/14/തസ്വഭവ)**

2012–13 വാർഷിക പദ്ധതിയിൽ 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത നിർവഹണ ഉദ്യോഗസ്ഥന്റെയും അതിന് അംഗീകാരം നൽകിയ ഉദ്യോഗസ്ഥന്റെയും വിശദീകരണം വാങ്ങാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 36111/ഡി.ഡി.2/14/തസ്വഭവ)**

ആര്യനാട് പി.എച്ച്.സിക്ക് സ്ഥലം വാങ്ങുന്ന പ്രോജക്ട് സ്ഥലം വാങ്ങൽ കോഡിൽ ഡാറ്റാ എൻട്രി ചെയ്യാവുന്നതാണെന്ന് നിരീക്ഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 33480/ഡി.ഡി.2/14/തസ്വഭവ)**

2013–14 വർഷം മെയിന്റനൻസ് ഫണ്ട് (റോഡിതരം) വകയിരുത്തിയതിലെ പിശക് തിരുത്താൻ അനുവദിക്കുന്നതു സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് ഐ.കെ.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുന്നത് സംബന്ധിച്ച് (ഫയൽ നം. 31750/ഡി.എ1/14/തസ്വഭവ)**

ഒരു സർക്കാർ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽസിന് പ്രത്യേക അക്രഡിറ്റേഷൻ നൽകുന്ന ഉത്തരവിന്റെ ആവശ്യമില്ലെന്ന് നിരീക്ഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പുല്ലൂർ–പെരിയ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 32176/ഇ.എം1/14/തസ്വഭവ)**

പ്രതിമകൾ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പൊന്നാനി നഗരസഭ (ഫയൽ നം. 33120 /ഡി.എ3/14/തസ്വഭവ)**

നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവ.ആയുർവേദ ആശുപത്രിയിൽ തെറാപ്പിസ്റ്റുകളുടെ സേവനം ദീർഘിപ്പിക്കാനുള്ള ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 എൽ.ഇ.ഡി. ലൈറ്റുകളുടെ വിപണനം – സിഡ്കോ എം.ഡി.യുടെ കത്ത് (ഫയൽ നം. 11822/ഡി.എ1/14/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആവശ്യത്തിന് എൽ.ഇ.ഡി. ലൈറ്റുകൾ വിതരണം ചെയ്യുന്ന ഏജൻസിയായി സിഡ്കോയെ അംഗീകരിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 താഴേക്കോട് ഗ്രാമപഞ്ചായത്ത്**
**(ബഹു.നഗരകാര്യവകുപ്പുമന്ത്രിയുടെ 04.06.2014-ലെ കത്ത്)**

ഗ്രാമപഞ്ചായത്തിന് പുതിയ ജീപ്പ് വാങ്ങണമെന്നയാവശ്യം വകുപ്പുതലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്**
**(ബഹു. ജലവിഭവ വകുപ്പുമന്ത്രി മുഖേന സമർപ്പിച്ചത്)**

ബഡ്സ് സ്ക്കൂളിന്റെ ആവശ്യത്തിലേയ്ക്കായി കെട്ടിട നിർമ്മാണത്തിന് അനുവാദം ആവശ്യപ്പെട്ടതിന്മേൽ ബഹു.വിദ്യാഭ്യാസമന്ത്രിയും, പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയും തമ്മിൽ ആലോചിച്ച് ഗവൺമെന്റ് സ്ക്കൂളുകളിൽ ഒഴിവുള്ള ക്ലാസ് മുറികൾ ഉപയോഗിക്കാൻ കഴിയുമോ എന്ന കാര്യം തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു. പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചതാണോ എന്ന് അറിയിക്കണമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 ആസൂത്രണബോർഡ് സെക്രട്ടറിയുടെ കത്ത്**

2012-17 -ലെ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖയുടെ കരട് യോഗം അംഗീകരിച്ചു. തുടർ നടപടിക്ക് പ്ലാനിംഗ് വകുപ്പിന് അയച്ചുകൊടുക്കാൻ തീരുമാനിച്ചു.

**3.30 കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്**

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷിക പദ്ധതിയിലെ 9 കുടിവെള്ള വിതരണ പ്രോജക്ടുകൾ നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കാട്ടക്കാമ്പൽ ഗ്രാമപഞ്ചായത്ത്**

കാട്ടക്കാമ്പാൽ ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളുടെ അംഗീകാരം നൽകണമെന്ന ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി നീട്ടൽ**

ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 01.04.2014 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് 23.04.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.6 ആയി തീരുമാനിച്ചിരുന്നു. ആയതിന്റെ ഉത്തരവ് ഉടൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്ത് 2014-15 വർഷം നടപ്പാക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ്‌വർക്കിംഗ് പരിശീലനം പ്രോജക്ട് നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 തലശ്ശേരി നഗരസഭ**

**(ബഹു. എം.എൽ.എ ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുഖേന സമർപ്പിച്ചത്.**

തലശ്ശേരി നഗരസഭയ്ക്ക് ലോക ബാങ്ക് ധനസഹായം ലഭ്യമാകാതെ വന്നപ്പോൾ 299/14, 315/14 , 344/14 പദ്ധതികൾക്ക് വികസനഫണ്ട്(ജനറൽ) വിഭാഗത്തിൽ നിന്നും ചെലവു ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്**

ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന കോട്ടൂരിലെ ജൈവ വൈവിധ്യ പാർക്കിന്റെ ജൈവ വൈവിധ്യ പുനരാവിഷ്ക്കരണവും സംരക്ഷണവും എന്ന പ്രോജക്ടിന് കോഡ് അനുവദിക്കാൻ ഐ.കെ.എം.ന് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***(യോഗം ഉച്ചയ്ക്ക് 1 മണിക്ക് അവസാനിച്ചു)***

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 25.06.2014 രാവിലെ 11 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടുന്നതാണ്.***